# വിജ്ഞാപനം

പോൾ ആലപ്പാട്ട്

No. 236/2023
27-12-2023 - C9

## ഉദ്ഘാടനം

### സുവിശേഷവല്ക്കരണം - 2035 & വിശ്വാസവർഷം (2024)

ഈശോമിശിഹായിൽ സ്നേഹമുള്ള വൈദികരേ, സന്യസ്തരേ, വൈദിക-സന്യാസർത്ഥികളേ, മറ്റു സഹോദരീസഹോദരന്മാരേ, യുവ ജനങ്ങളേ, പ്രിയ കുട്ടികളേ,

നമ്മുടെ രൂപതയുടെ 2035 ലെ രജതജൂബിലിയ്ക്കൊരുക്കമായുള്ള സുവിശേഷവല്ക്കരണ യജ്ഞം "സുവിശേഷവല്ക്കരണം-2035" എന്നപേരിൽ 2024 ജനുവരി 7-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് രാമനാഥപുരം കത്തീഡ്രലിലെ വി. കുർബാനയോടുകൂടി ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. അതിനൊരുക്കമായി കഴിഞ്ഞ ജൂൺ മാസത്തിൽ നാം നടത്തിയ പ്രഥമ രൂപതാ സമ്മേളനത്തിൽ ഉരുതിരിഞ്ഞ ആശയങ്ങളും ഉൾക്കാഴ്ചകളും 12 വർഷം ദീർഘിക്കുന്ന "സുവിശേഷവല്ക്കരണം-2035" ന്റെ പ്രവർത്തന പദ്ധതിയിൽപ്പെടണം. രാമനാഥപുരം രൂപത രജതജൂബിലി (2010-'35)യിലെത്തുമ്പോൾ "ദിവ്യകാരുണ്യനാഥന്റെ സ്നേഹത്തിൽ തുടിക്കുന്ന ഒരു സുവിശേഷവൽകൃത സമൂഹ"മായി നമ്മുടെ രൂപത മാറണമെന്നാണ് നമ്മുടെ ആഗ്രഹവും അടിസ്ഥാനപരമായ ദർശനവും. നാം ഈ യജ്ഞത്തിന്റെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്ന, വാക്യം തന്നെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട് "സ്നേഹത്താൽ പ്രവർത്തനനിരതമായ വിശ്വാസം" (ഗലാ.5:6). അതായത്, സുവിശേഷമൂല്യങ്ങളിലും ശൈലികളിലും ആഭിമുഖ്യങ്ങളിലും അടിയുറച്ച ഒരു രൂപതാസമൂഹം. മറ്റു വാക്കുകളിൽ പറഞ്ഞാൽ, എന്റേയും നിങ്ങളുടെയും വിശുദ്ധീകരണത്തിലൂടെ, ശാക്തീകരണത്തിലൂടെ സഭയുടെയും സമൂഹത്തിന്റെയും വിശുദ്ധീകരണവും ശാക്തീകരണവും യാഥാർത്ഥ്യമാക്കണം.

അതിന് സഹായകമാകുന്ന രീതിയിലാണ് ഓരോ വർഷത്തേയ്ക്കുമുള്ള വിഷയം നാം താഴെപറയുന്ന രീതിയിൽ ക്രമീകരിച്ചിട്ടുള്ളത്. ഓരോ വർഷത്തേയും പരിപാടികൾ "സുവിശേഷവല്ക്കരണം -2035"ന്റെ കേന്ദ്രകമ്മിറ്റിയും ഓരോവർഷത്തേയും വിഷയവുമായി ബന്ധപ്പെട്ട സമിതിയുമാണ സംയുക്തമായി ഏകോപിപ്പിക്കേണ്ടത്.

2024 : വിശ്വാസവർഷം (രൂപതാ വിശ്വാസപരിശീലനകേന്ദ്രം)
2025 : ബൈബിൾ-സുവിശേഷവല്ക്കരണവർഷം എക്യുമെ

നിസം & ഡയലോഗ് (ബൈബിൾ & സുവിശേഷവല്ക്കരണ പ്രേഷിതത്വ സമിതികൾ, എക്യുമെനിസ സമിതി)

2026 : കുടുംബവർഷം (രൂപതാ കുടുംബപ്രേഷിതത്വ സമിതി കുടുംബക്കൂട്ടായ്മ + രൂപതാ കോടതി + കൗൺസിലേഴ്സ്)

2027 : യുവജനവർഷം (രൂപതാ എസ്.എം.വൈ.എം.)

2028 : ദൈവവിളിവർഷം (രൂപതാ മൈനർ സെമിനാരി + ദൈവവിളി കമ്മീഷൻ)

2029 : വൈദിക -സന്യാസവർഷം (രൂപതാ വൈദികസമിതി + എസ്.എം.ആർ.സി.)

2030 : സാമൂഹ്യസേവനം (രൂപതാ സോഷ്യൽ സർവ്വീസ് + മെഡിക്കൽ + പ്രിസൺ ഫ്രട്ടേണിറ്റികൾ)

2031 : കരിസ്മാറ്റിക് നവീകരണം (രൂപതാ കരിസ്മാറ്റിക് ഗ്രൂപ്പ് + ജീസ്സസ് യൂത്ത് + ക്രിസ്റ്റീൻ)

2032 : സംഘടനകൾ (സംഘടനകളുടെ രൂപതാ ഏകോപനസമിതി)

2033 : മാധ്യമങ്ങൾ (രൂപതാ മീഡിയാ കമ്മിറ്റി)

2034 : ദിവ്യകാരുണ്യവർഷം (രൂപതാ വൈദിക സമിതി + ലിറ്റർജിക്കൽ കമ്മിറ്റി)

2035 : ജൂബിലി പൊതുപരിപാടികൾ ("സുവിശേഷവല്ക്കരണം -2035" കേന്ദ്രകമ്മിറ്റി)

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

a. മേല്പ്പറഞ്ഞിരിക്കുന്ന ഓരോ വർഷത്തിനും നീക്കിവച്ചിട്ടുള്ള വിഷയവുമായി ബന്ധപ്പെട്ട ഓരോ വർഷവും ഓരോ മാസവും മേല്പ്പറഞ്ഞിരിക്കുന്ന എല്ലാ സമിതികൾക്കുമായി ക്രമീകരിച്ചിരിക്കുന്ന ചാർട്ട് അനുസരിച്ച് രൂപതയിലെ എല്ലാ സമിതികളും പ്രവർത്തനസജ്ജമാകണം.

b. 12 വർഷത്തേയ്ക്ക് ദീർഘിക്കുന്ന "സുവിശേഷവല്ക്കരണം - 2035" ബാഹ്യമായി കുറെ പരിപാടികൾ നടത്തി പരസ്യപ്പെടുത്തുകയല്ല ലക്ഷ്യം വയ്ക്കുന്നത്. ഈശോമിശിഹായുടെ സുവിശേഷ സംസ്കാരത്തിലേയ്ക്കും ശൈലിയിലേയ്ക്കും രൂപതാ സമൂഹത്തേയും മറ്റു മതസ്ഥരേയും കൊണ്ടുവരികയാണ് ഈ യജ്ഞത്തിന്റെ ലക്ഷ്യം. അതുകൊണ്ട് ഓരോ വർഷവും ഊന്നൽ കൊടുക്കുന്ന വിഷയവുമായി ബന്ധപ്പെട്ട ഓരോ മാസവും സമിതികൾ, പ്രസ്ഥാനങ്ങൾ പരിപാടികൾ ആവിഷക്കരിക്കുമ്പോൾ ഈ ദർശനവും ബോദ്ധ്യവും ബന്ധപ്പെട്ട നേതൃനിരയിലുള്ളവർക്കും അവരോട് സഹകരിക്കുന്നവർക്കുമുണ്ടാകണം. പ്രഥമ രൂപതാ അസംബ്ലിയുടെ തീരുമാനങ്ങളും നിർദ്ദേശങ്ങളും നിർബന്ധമായും ഗൗരവത്തിലും കാണണം.

c. ഓരോവർഷവും വിവിധ വിഷയങ്ങളെ ആസ്പദമാക്കി ചെയ്യുന്ന

കാര്യങ്ങളുടെ റിപ്പോർട്ട് രേഖാമൂലം ബന്ധപ്പെട്ട ഫോട്ടോകൾ സഹിതം രൂപതാകാര്യാലയത്തിൽ എത്രയും പെട്ടന്ന് ഏല്പ്പിക്കണം.

d. **"സുവിശേഷവല്ക്കരണം - 2035" ഉദ്ഘാടനം**

1. **പങ്കെടുക്കേണ്ടവർ**

2024 ജനുവരി 7 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2 മണിയ്ക്കുള്ള രാമനാഥപുരം കത്തീഡ്രലിലെ ഉദ്ഘാടന വി. കുർബാനയ്ക്ക് താഴെപറയുന്നവർ നിർബ്ബന്ധമായും പങ്കുചേരണം:

a. "സുവിശേഷവല്ക്കരണം-2035" കേന്ദ്രകമ്മിറ്റിയംഗങ്ങൾ

b. രൂപതയിൽ ശുശ്രൂഷയിലുള്ള എല്ലാ വൈദികരും (വി. കുർബാനയിൽ സഹകാർമ്മികരാകണം).

c. പ്രൊവിൻഷ്യൽമാർ ഉൾപ്പെടെ സന്യാസസമൂഹങ്ങളുടെ അധികാരികളും അവരുടെ വിവിധ സ്ഥാപനങ്ങൾക്ക് നേതൃത്വം നല്കുന്നവരും.

d. കൈക്കാരൻമാർ

e. പാസ്റ്ററൽ കൗൺസിലംഗങ്ങൾ

f. വൈദിക-സന്യാസാർത്ഥികൾ

g. കുടുംബക്കൂട്ടായ്മകളുടെ ഇടവക-ഫൊറോന-രൂപതാ ഭാരവാഹികൾ.

h. സംഘടനകളുടെ ഇടവക-ഫൊറോന-രൂപതാ ഭാരവാഹികൾ

2. 07-01-2024 ഞായറാഴ്ച ബന്ധപ്പെട്ട എല്ലാവർക്കും കൃത്യസമയത്ത് രാമനാഥപുരത്ത് എത്തേണ്ടതുള്ളതിനാൽ അന്നുച്ചകഴിഞ്ഞ് രൂപതയിലെ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വി. കുർബാനയുണ്ടായിരിക്കുകയില്ലായെന്ന് ജനത്തെ നേരത്തെ അറിയിക്കണം.

3. 14-01-2024 ഞായറാഴ്ച ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും സന്യാസ സമൂഹങ്ങളിലും സ്ഥാപനങ്ങളിലും സംഘടനകളുടെ രൂപതാതലത്തിലും "സുവിശേഷവല്ക്കരണം-2035" ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിക്കണം.

## <u>2024: വിശ്വാസവർഷം</u>

**"യേശു അവളോട് ചോദിച്ചു: വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കുമെന്ന് ഞാൻ നിന്നോട് പറഞ്ഞില്ലേ"**

**(യോഹ. 11 :40).**

മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ, "സുവിശേഷവല്ക്കരണം-2035" ന്റെ ഭാഗമായി 2024 നാം വിശ്വാസവർഷമായി ആചരിക്കുകയാണ്.

a. ഈ വർഷത്തിലെ ഓരോ മാസവും മാറിമാറി വിവിധ സമിതികൾ അന്യത്ര ചേർത്തിരിക്കുന്ന ചാർട്ടുപ്രകാരം വിശ്വാസവർഷത്തിന്റെ പദ്ധതി നടപ്പിലാക്കണം. ജൂണിൽ നടന്ന പ്രഥമ രൂപതാ അസംബ്ലിയിൽ "വിശ്വാസപരിശീലനവും വളർച്ചയും" സംബ്ബ

സിച്ച് പറഞ്ഞിട്ടുള്ളകാര്യങ്ങൾ കൂടി ഈ പ്രവർത്തനപദ്ധതി യിൽ ഉൾചേർക്കാൻ ബന്ധപ്പെട്ട സമിതികൾ തയ്യാറാകണം.

b. സാധാരണ ദിവസങ്ങളിലെ വി. കുർബാനകളിൽ വിശ്വാസപ്ര മാണം ചൊല്ലേണ്ടതില്ല എന്ന് പൊതുവായി പറഞ്ഞിട്ടുണ്ടെങ്കിലും വിശ്വാസവർഷത്തിൽ എല്ലാ കുർബാനകളിലും വിശ്വാസപ്ര മാണം ഏകാഗ്രതയോടെ ചൊല്ലുകയും വിശ്വാസപ്രമാണത്തിലെ 12 വിശ്വാസസത്യങ്ങളെപ്പറ്റി പ്രാർത്ഥനാപൂർവ്വം ധ്യാനിയ്ക്കു കയും ചെയ്യണം. അത് വിശ്വാസവർഷ പ്രവർത്തനങ്ങൾക്ക് കൂടു തൽ ഉത്തേജനവും ശക്തിയും പകരും. 2024 ജനുവരി 7 മുതൽ വിശ്വാസവർഷം തീരുന്നതുവരെ നമ്മുടെ രൂപതയിൽ എല്ലാവരും അപ്രകാരം ചെയ്യണം.

അങ്ങനെ, "സുവിശേഷവല്ക്കരണം-2035" ഉം അതിന്റെ ആദ്യ വർഷാചരണമായ വിശ്വാസവർഷവും സഭാ മക്കളെ കത്തോലിക്കാ വിശ്വാസത്തിൽ ആഴപ്പെടുത്താനും വിശ്വാസം ജീവിക്കുന്ന സമൂഹ മാക്കി മാറ്റാനും ദൈവസ്നേഹത്തിലേയ്ക്കും സഹോദരസ്നേഹത്തി ലേയ്ക്കും ശക്തമായി വളർത്താനും "സ്നേഹത്താൽ പ്രവർത്തനനിര തമായ വിശ്വാസ" മായി നമ്മുടെ വിശ്വാസത്തെ രൂപാന്തരപ്പെടു ത്താനും കാരണമാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. "കർത്താവ് അരുൾ ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യ വതി"(ലൂക്കാ. 1:45)യായ പരി. അമ്മയും ദൈവഹിതത്തിന് പരിപൂർണ്ണ മായും വിധേയപ്പെട്ട മാർ യൗസേപ്പ് പിതാവും (മത്താ. 1:24) "എന്റെ കർത്താവേ, എന്റെ ദൈവമേ" (യോഹ. 20:28) എന്ന് ഉദ്ഘോഷിച്ച് ഉത്ഥിതന് സ്വയം സമർപ്പിച്ച മാർത്തോമ്മാശ്ലീഹായും കർത്താവിനു വേണ്ടി അഴുകാൻ (യോഹ. 12:24) സ്വയം വിട്ടുകൊടുത്ത വി. അൽഫോൻസയും അടുത്ത വ്യാഴവട്ടകാലം "ദിവ്യകാരുണ്യ സ്നേഹ ത്താൽ തുടിയ്ക്കുന്ന സുവിശേഷവൽകൃത സമൂഹത്തിലേയ്ക്ക്" നമ്മെ കൈപിടിച്ച് നയിക്കാൻ നമ്മോടൊപ്പം ഉണ്ടാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ത്രിതൈ്വക ദൈവത്തിന്റെ കൃപ നമ്മോടൊപ്പം എപ്പോഴും ഉണ്ടാകട്ടെ!

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്

+ Paul

**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

---

NB: ഈ വിജ്ഞാപനം 2023 ഡിസംബർ 31 ഞായറാഴ്ച എല്ലാ പള്ളിക ളിലും മിഷൻ കേന്ദ്രങ്ങളിലും സന്യാസ സമൂഹങ്ങളിലും സ്ഥാപനങ്ങ ളിലും വി. കുർബാനമദ്ധ്യേ വായിക്കണം. വി. കുർബാനയില്ലാത്ത ഭവ നങ്ങളിലും സ്ഥാപനങ്ങളിലും മറ്റ് സമയത്ത് വായിക്കണം. +PA